## ലഭ്യമാകുന്ന സേവനങ്ങൾ

- എമർജൻസി മെഡിസിൻ 24 x 7
- ക്രിട്ടിക്കൽ കെയർ മെഡിസിൻ 24 x 7
- കാർഡിയോളജി, കാത്ത്ലാബ്, എക്കോ, ടി.എം.ടി 24 x 7
- ഓർത്തോ പീഡിക് 24 x 7
- ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി 24 x 7
- പീഡിയാട്രിക്സ് & നിയോനാറ്റോളജി 24 x 7
- ഇൻഫെർടിലിറ്റി ക്ലിനിക്ക്
- ജനറൽ & ലാപ്പറോസ്കോപിക്ക് സർജറി
- നെഫ്രോളജി
- ഇ.എൻ.ടി
- ജനറൽ മെഡിസിൻ
- അനസ്തേഷ്യോളജി
- ഗ്യാസ്ട്രോ എന്റ്രോളജി & ലിവർ ക്ലിനിക്ക്
- ന്യൂറോളജി
- പൾമണോളജി
- ഓങ്കോളജി
- ഡെർമറ്റോളജി
- റേഡിയോളജി
- സൈക്യാട്രി
- സൈക്കോളജി
- ഓഫ്താൽമോളജി
- ഡെന്റൽ
- ഫിസിയോതെറാപ്പി
- ഓഡിയോളജി & സ്പീച്ച് തെറാപ്പി
- സ്പെഷ്യാലിറ്റി ലാബ്, ഫാർമസി. എക്സ് റേ 24 x 7

Dist. Co-Op. Hospital, Malappuram



PMSA College of Nursing & Paramedical Sciences



Opening Shortly @ Karuvarakkundu Super Speciality Hospital



Opening Shortly @ Chattipparambu Satellite Clinic



**For Booking or Enquiries: 0483- 2734407, 2731732, 2731733, 2731125, Mob: 7510585354**


P.M.S.A. MEMORIAL

# MALAPPURAM DISTRICT CO-OPERATIVE HOSPITAL LTD

Since: 1985

Manjeri Road, **UP HILL - MALAPPURAM**, Post Box No:30, Kerala - 676 505

**An ISO 9001:2015 Certified Hospital**

www.mdchospital.com mail@mdchospital.com facebook.com/mdchmalappuram


Lipi/9388616672

## ആതുരസേവനത്തിൽ വിശ്വസ്തതയുടെ 36 വർഷങ്ങൾ

മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ശൃംഖല വ്യാപിപ്പിക്കുന്നു

കരുവാരക്കുണ്ടിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

ചട്ടിപ്പറമ്പിൽ സാറ്റലൈറ്റ് ക്ലിനിക്ക്

**ഓഹരി സമാഹരണം**



ആതുര സേവന ശൃംഖല ഇനി
കരുവാരക്കുണ്ടിലും ചട്ടിപ്പറമ്പിലും

# ഓഹരി സമാഹരണം

ആതുര സേവന രംഗത്ത് അംഗീകാരത്തിന്റെ 36 വർഷങ്ങൾ പിന്നിടുന്ന പി.എം.എസ്.എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡിന്റെ (എം. 352) ശൃംഖല ഇനി കരുവാരക്കുണ്ടിലും ചട്ടിപ്പറമ്പിലും ആരംഭിക്കുകയാണ്.

1985ൽ 40 കിടക്കകളോടെ വാടകക്കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ആശുപത്രി ഇപ്പോൾ സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ 25 ചികിത്സാ വിഭാഗവും 36 ഡോക്ടർമാരും ഉൾപ്പെട്ട എല്ലാ ആധുനിക സൗകര്യങ്ങളുമായി 250 കിടക്കകളോടെ സ്വന്തമായി ഒരു ഏക്കർ ഭൂമിയിൽ മൂന്ന് ബഹുനില കെട്ടിടങ്ങളിൽ ജില്ലാ ആസ്ഥാനമായ മലപ്പുറത്തിന്റെ ഹൃദയഭാഗത്ത് പ്രവർത്തിച്ച് വരുന്നു. ആശുപത്രിയോട് ചേർന്നുള്ള നാലുനില കെട്ടിടത്തിൽ 22 വർഷമായി നഴ്സിംഗ് ആന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനും പ്രവർത്തിക്കുന്നു.

ആശുപത്രി സംഘത്തിന്റെ 35-ാം വാർഷിക പൊതുയോഗ തീരുമാനവും തുടർന്ന് കേരള സർക്കാരിൽ നിന്നും അംഗീകാരവും ലഭിച്ചതിനാൽ ആശുപത്രികളില്ലാത്ത പിന്നോക്ക പ്രദേശമായ കരുവാരക്കുണ്ടിൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയുടെ ശാഖ തുടങ്ങുവാനായി വാങ്ങിയ 104 സെന്റ് ഭൂമിയിൽ 50000 ചതുരശ്ര അടിയിൽ എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളോടെയുള്ള 150 ബെഡ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും കൂടാതെ ചട്ടിപ്പറമ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ സെന്ററും (സാറ്റലൈറ്റ് ക്ലിനിക്ക്) തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## കരുവാരക്കുണ്ട് പ്രദേശം

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ കാളികാവ് ബ്ലോക്കിലാണ് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നത്. എൺപതിനായിരം ജനവാസമുള്ള ഈ ദേശത്ത് രോഗികളെ കിടത്തി ചികിത്സക്കായി ദിവസേന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികൾ നിലവിലില്ല. ഇവിടെയുള്ള രോഗികൾക്ക് 28 കിലോമീറ്റർ ദൂരം സഞ്ചരിച്ച് പെരിന്തൽമണ്ണയിലോ അല്ലെങ്കിൽ 33 കിലോമീറ്റർ ദൂരം സഞ്ചരിച്ച് മഞ്ചേരിയിലോ ചികിത്സക്ക് എത്തേണ്ട അവസ്ഥയാണ് നിലവിലുള്ളത്. മാത്രമല്ല സമീപപ്രദേശങ്ങളായ തുവ്വൂർ, എടപ്പറ്റ, കാളികാവ്, ചോക്കാട് ഗ്രാമപഞ്ചായത്തുകളിലും കിടത്തി ചികിത്സക്കായി ദിവസേന 24 മണിക്കൂർ പ്രവർത്തിക്കുന്ന ആശുപത്രി നിലവിൽ ഇല്ലാത്തതിനാൽ അടുത്തുള്ള കരുവാരക്കുണ്ട് പ്രദേശത്ത് മികച്ച സൗകര്യങ്ങളോടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതോടെ അതിവേഗം ചികിത്സ ലഭ്യമാക്കുവാൻ സാധിക്കും. മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയുടെ സേവനം പ്രസ്തുത പ്രദേശത്ത് ലഭ്യമാകുന്നതോടെ സാധാരണക്കാർക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുവാൻ സാധിക്കും.

## ചട്ടിപ്പറമ്പ് പ്രദേശം

ചട്ടിപ്പറമ്പ് പ്രദേശം മലപ്പുറം ജില്ലയിൽ തിരൂർ പെരിന്തൽമണ്ണ താലൂക്കുകളിലെ കോഡൂർ, കുറുവ, പൊന്മള പഞ്ചായത്തുകളുടെ സംഗമസ്ഥലമാണ്. ജില്ലയിൽ തന്നെ വേഗതയിൽ വികസനം നടന്നുകൊണ്ടിരിക്കുന്ന പ്രദേശവുമാണ്. നല്ല ജനവാസമുള്ള ഈ ദേശത്ത് രോഗികളുടെ കിടത്തി ചികിത്സക്കായി ദിവസേന 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്ലിനിക്കോ ആശുപത്രികളോ നിലവിലില്ല. ഇവിടെയുള്ള രോഗികൾക്ക് 8 കിലോമീറ്റർ ദൂരം സഞ്ചരിച്ച് മലപ്പുറത്തോ അല്ലെങ്കിൽ 12 കിലോമീറ്റർ ദൂരം സഞ്ചരിച്ച് കോട്ടക്കൽ-ചങ്കുവെട്ടിയോ ചികിത്സക്ക് എത്തേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ചട്ടിപ്പറമ്പ് പ്രദേശത്ത് ജില്ലാ സഹകരണ ആശുപത്രിയുടെ ക്ലിനിക്ക് തുടങ്ങുന്നതോടെ അതിവേഗം ചികിത്സ ലഭ്യമാക്കുവാനും കൂടുതൽ ചികിത്സക്കായി മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയിൽ എത്തിക്കുവാനും സാധിക്കും.

**മലപ്പുറം ജില്ലാ സഹകരണ ആശുപത്രി തുടർച്ചയായി ലാഭത്തിലും 2020-21 സാമ്പത്തിക വർഷത്തിൽ ഓഹരി ഉടമകൾക്ക് 10% ഡിവിഡന്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഓഹരി സമാഹരണ ത്തിൽ പങ്കാളികളാവാൻ അഭ്യർത്ഥിക്കുന്നു.**

| | | |
|---|---|---|
| കെ.പി.എ മജീദ് എം.എൽ.എ | പാണക്കാട് | പാണക്കാട് |
| പ്രസിഡന്റ് | സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ | സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ |
| | വൈസ് പ്രസിഡന്റ് | എക്സിക്യൂട്ടീവ് ഡയറക്ടർ |




## ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

**Minimum Share Value Rs. 5000/- (One Person)**

**Maximus Share Value Rs. 20,00,000/- (One Person)**

- സഹകരണ നിയമങ്ങൾക്ക് വിധേയമായി 25% വരെ (ഡിവിഡന്റ് ) ലാഭവിഹിതം
- ഓഹരി ഉടമയ്ക്ക് ചികിത്സക്കായി മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയുടെ എല്ലാ ശാഖയിൽ നിന്നും പ്രതിവർഷം ആകെ ഷെയർ തുകയുടെ 5% വരെ റൂം വാടക, ലബോറട്ടറി ടെസ്റ്റ്, എക്കോ, ടി.എം.ടി, എക്സ്റേ, ഇ.സി.ജി, ഐ.സി.യു. വാടക തുടങ്ങിയവയുടെ ബില്ലിൽ ഇളവ് ലഭിക്കും.
- ഷെയർ ഉടമകളുടെ മക്കൾക്ക് പാരാമെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷന് മുൻഗണന.
- 3 വർഷത്തിന് ശേഷം ഷെയർ പിൻവലിക്കാനുള്ള അവകാശം
- സുരക്ഷിതമായ നിക്ഷേപം. മികച്ച പങ്കാളിത്തം. സാമൂഹ്യ നന്മക്ക്.
- ഷെയർ നോമിനേഷന് സൗകര്യം.
- നിലവിലുള്ള ഷെയർ ഉടമകൾക്ക് ഷെയർ തുക വർദ്ധിപ്പിക്കാവുന്നതാണ്.